# നന്മ

കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

• വാല്യം 5 • ലക്കം 1
ജനുവരി 2020



For Private Circulation only

വാർഷിക റിപ്പോർട്ട് പേജ് 31

A CHURCH OF GOD KERALA STATE
SUNDAY SCHOOL DEPARTMENT PUBLICATION

www.cogsundayschool.org | Email: cgisundayschool@gmail.com



**സ്റ്റേറ്റ് ഓവർസിയറായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട റവ. സി.സി. തോമസിന് സൺഡേസ്കൂൾ കുടുംബത്തിന്റെ ആശംസകൾ...**

# പ്രസിഡന്റിൽ നിന്നും...



ക്രിസ്തുവിൽ ഏവർക്കും സ്നേഹവന്ദനം!

സണ്ടേസ്കൂൾ പുതിയ അദ്ധ്യായന വർഷത്തിലേക്കു കടന്നുവല്ലോ. ഒരു വ്യക്തിയുടെ മുഴുജീവിതത്തേയും നിയന്ത്രിക്കുവാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട ഒന്നാണല്ലോ വിശുദ്ധ ബൈബിൾ. ഈ ദൈവവചനം ക്രമീകൃതമായ നിലയിൽ പഠിക്കുവാൻ ലഭിക്കുന്ന ഓരോ അവസരവും വിലപ്പെട്ടതാണ്. ഇതിലൂടെ വ്യക്തിത്വ വികസനവും സ്വഭാവ രൂപീകരണവും മാനസീക - ആത്മീയ വളർച്ചയും സാദ്ധ്യമാകുന്നു. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നുയെന്നുള്ള ബൈബിൾ പ്രയോഗം ഏറെ ശ്രദ്ധേയമാണ്. ഈ വിധത്തിൽ ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര വളർച്ച ലക്ഷ്യമാക്കിയാണ് ചർച്ച് ഓഫ് ഗോഡ് സണ്ടേസ്കൂൾ സിലബസ് തയ്യാറാക്കിയിരിക്കുന്നത്. നമ്മുടെ സിലബസ് പരക്കെ അംഗീകാരം നേടിക്കൊണ്ടിരിക്കുകയാണ്.

സണ്ടേസ്കൂളിലെ ഓരോ വിദ്യാർത്ഥിയും മുകളിൽ പരാമർശിച്ച സമഗ്ര വളർച്ച നേടുവാൻ അക്ഷീണം പരിശ്രമിക്കണം. അദ്ധ്യാപകരും ഈ ദർശനം ഉൾക്കൊണ്ട് തങ്ങളുടെ ഉത്തരവാദിത്വം നന്നായി ചെയ്യുവാൻ പുനർസമർപ്പണം നടത്തണം.

സണ്ടേസ്കൂൾ ഡിപ്പാർട്ടുമെന്റിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ബഹുമാന്യനായ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി തോമസിനെ നന്ദിയോടെ സ്മരിക്കുന്നു. ഏറെ അദ്ധ്വാനിക്കുന്ന സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ സാലു വർഗീസ്, ബോർഡ് അംഗങ്ങൾ, മേഖല-ഡിസ്ട്രിക്റ്റ് - ലോക്കൽ തല ഭാരവാഹികൾ, അദ്ധ്യാപകർ ഏവരേയും കർത്താവ് അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ

**പാസ്റ്റർ ജെ. ജോസഫ്** *(പ്രസിഡന്റ്)*

# നന്മ

കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

• വാല്യം 5 • ലക്കം 1
• ജനുവരി 2020


## പാഠം ഒന്ന്: മരട്!

തീരദേശ പരിപാലന നിയമം തെറ്റിച്ച് കൊച്ചിയുടെ കായലോരത്ത് പണിതുയർത്തിയ ഫ്ളാറ്റ് സമുച്ചയങ്ങൾ ചീട്ടുകൊട്ടാരം പോലെ തകർത്ത് തരിപ്പണമാക്കിയ കാഴ്ചയാണ് 2020 ന്റെ ആദ്യ ആഴ്ചകളിൽ നാം കണ്ടത്. നീണ്ട നിയമ പോരാട്ടങ്ങളുടെയും സമരങ്ങളുടെയും ഒടുവിൽ രാജ്യത്തിന്റെ പരമോന്നത കോടതിയുടെ വിധി അധികാരികൾ നടപ്പിലാക്കി. നിയമ ലംഘകർക്കുള്ള മുന്നറിയിപ്പാണ് ഫ്ളാറ്റുകളുടെ അവശിഷ്ടങ്ങളടങ്ങിയ കോൺക്രീറ്റ് കൂമ്പാരം.


മരട്, ആത്മീകരാകുന്ന നമുക്ക് നല്കുന്ന പാഠം വലുതാണ്. ദൈവീക നിയമ വ്യവസ്ഥക്കു വിരുദ്ധമായി നാം എന്തെല്ലാം പണികൾ നടത്തിയാലും ഒരിക്കൽ നാം പിടിക്കപ്പെടുക തന്നെ ചെയ്യും. ഒരു പക്ഷേ പലരുടെയും കണ്ണ് വെട്ടിച്ചും കണ്ണിൽ പൊടിയിട്ടും നാം പണിതുകൂട്ടുന്ന ഏതു കാര്യവും ദൈവീക കോടതിയിൽ നിന്നും ശിക്ഷയേറ്റുവാങ്ങുവാൻ പര്യാപ്തമാണെന്നത് വിസ്മരിച്ചുകൂടാ. അതിനാൽ വചനമാകുന്ന നിയമ പുസ്തകത്തിൽ എഴുതിയിരിക്കുന്ന നിയമങ്ങൾക്കു വിധേയമായി നമുക്കു നമ്മുടെ ജീവിതം പണിതുയർത്താം. ദൈവീക പദ്ധതിക്കു വിരുദ്ധമായി ഉയർന്നു നിൽക്കുന്ന ബാബേൽ ഗോപുരം നമുക്ക് ചൂണ്ടുപലകയായി തീരട്ടെ. ശുഭാശംസകൾ പുതുവർഷത്തിൽ എല്ലാ കൂട്ടുകാർക്കും നേരുന്നു.

സ്നേഹത്തോടെ,

**സാലു വർഗ്ഗീസ്**

സണ്ടേസ്കൂൾ സ്റ്റേറ്റ് സെക്രട്ടറി






*വിലാസം:*
**നന്മ, സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്, മൗണ്ട് സിയോൻ, മുളക്കുഴ 689 505**

നന്മ

അങ്കിൾജി എഴുതുന്നു...

# സത്യം സംസാരിക്കാം, ഹൃദയപൂർവ്വം

**പു**തുവർഷത്തിലെ ചില ദിവസങ്ങൾ നാം പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. പുതിയ തീരുമാനങ്ങൾ പലതും എടുക്കുകയും പ്രാവർത്തികമാക്കുവാൻ ഉത്സാഹിക്കുകയും ചെയ്യുന്ന സമയങ്ങൾ ആണ് പുതുവത്സരദിനങ്ങൾ. നല്ല തീരുമാനങ്ങൾ എടുക്കുകയും അതിൽ ഉറച്ച് നിൽക്കയും ചെയ്യുന്നത് നമ്മുടെ ജീവിത വിജയത്തിന് സഹായകമാണ്. ക്രമമായി ബൈബിൾ വായിക്കുക, പ്രാർത്ഥനാസമയം വേർതിരിക്കുക, സഭാപ്രവർത്തനങ്ങളിൽ ഉത്സാഹികളായി പങ്കെടുക്കുക, മാതാപിതാക്കളോട് സ്നേഹത്തോടെ പെരുമാറുക തുടങ്ങിയുള്ള നല്ല സ്വഭാവങ്ങളെ വളർത്തിയെടുക്കുവാൻ ഉത്സാഹിക്കുക.

ഈ കാലഘട്ടത്തിൽ നാം എടുക്കേണ്ട പ്രധാനമായ ഒരു തീരുമാനം 'ഹൃദയപൂർവ്വം സത്യം സംസാരിക്കും' എന്നതാണ്. വ്യാജത്തിന് പിന്നാലെ ഓടിക്കൊണ്ടിരിക്കുന്ന ലോകത്തിൽ നിന്ന് വ്യത്യസ്തരായിത്തീർന്ന് സത്യം മാത്രം സംസാരിക്കയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തികളായി സമൂഹത്തിൽ നിലനിൽക്കുക എന്നത് ഉറച്ച തീരുമാനത്താൽ മാത്രം സാധ്യമാകുന്ന ഒന്നാണ്. വ്യാജവാക്കുകൾ താൽക്കാലികമായി ലാഭവും പ്രശസ്തിയും ഒക്കെ നേടിത്തന്നാലും അത്യന്തികമായി അത് നമ്മെ നിത്യ നരകത്തിലേക്ക് തള്ളിക്കളയും എന്ന് നാം മറക്കരുത്. അനന്യാസിന്റെയും സഫീറയുടെയും തീരുമാനം പുറമെ നല്ലതായിരുന്നെങ്കിലും സാത്താൻ അവരുടെ ഹൃദയത്തെ കൈവശമാക്കി. വ്യാജത്തിലേക്ക് തിരിക്കയും അത് അവരുടെ നാശത്തിന് കാരണമായിത്തീരുകയും ചെയ്തു. സാത്താൻ ഭോഷ്ക്കിന്റെ അപ്പനാണ്. നമ്മുടെ ഹൃദയം നാം സാത്താനിൽ നിന്ന് സൂക്ഷിക്കുവാനിടയാകണം.

യഹോവ വെറുക്കുന്ന കാര്യമാണ് വ്യാജമുള്ള നാവ് (സദൃ. 6:17). ഭോഷ്ക്ക് സംസാരിക്കുകയും (കള്ളം പറയുക) അതിൽ പ്രിയപ്പെടുകയും ചെയ്യുന്ന ഏവരും സാത്താനും കൂട്ടർക്കും ഒരുക്കിയിരിക്കുന്ന തീപ്പൊയ്കയിലേക്ക് തള്ളപ്പെടുവാനിടയാകും. യഹോവയോട് കൂടെ വസിക്കണമെങ്കിൽ നാം ഹൃദയപൂർവ്വം സത്യം സംസാരിക്കണമെന്ന് 15-ാം സങ്കീർത്തനത്തിൽ പറയുന്നു.

അതിനാൽ എല്ലാം കൊച്ചുകൂട്ടുകാർക്കും ഹൃദയപൂർവ്വം സത്യം സംസാരിക്കുവാനുള്ള ഒരു തീരുമാനമെടുക്കുവാൻ സാധിക്കട്ടെ. "ജീവനെ ആഗ്രഹിക്കയും നന്മ കാണേണ്ടതിന് ദീർഘായുസ് ഇച്ഛിക്കയും ചെയ്യുന്നവൻ ആർ? ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊൾക" (സങ്കീ. 34:12, 13). ദൈവം എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ.



കവിത

# മണ്ണിന്റെ മക്കളും വിണ്ണിന്റെ മക്കളും

റെന്നി ജെ

ഒരിക്കലാപ്രാവ്
മരത്തിൻ ചില്ലയിലിരിക്കവെ
അരിശം പൂണ്ടവനായാമരം
അലറിയാ സാധു പക്ഷിയോട്
എന്റെയാണീ ചില്ല എന്റെയാണീ മണ്ണ്
"വരത്തർ"ക്കിവിടെ യിരിക്കുവാൻ അവകാശമില്ല
ഭയന്നുപോയ പ്രാക്കുഞ്ഞ്
മൊഴിഞ്ഞുമെല്ലെയാ മരത്തോട്
എന്നെയും നിന്നെയും ചമച്ചതാമീശ്വരൻ
അഖിലാണ്ഡത്തിൻ ഉടമസ്ഥൻ
നിനക്കു നൽകിടാത്തതൊന്നെനിക്കു തന്നു
നീയീ മണ്ണിനെ സ്വന്തമെന്നെണ്ണി
ഇവിടെയൊടുങ്ങുമ്പോൾ
പറന്നിടും ഞാനെൻ ചിറകുകളിൽ
അനന്തതയിൽ വിഹായസ്സിൽ
സർവ്വേശ്വരൻ തന്നുടെ അതിരില്ലാ സ്വാതന്ത്ര്യത്തിൽ



പണ്ട് പണ്ട് ഒരിക്കൽ പ്രശസ്തനായ ഒരു പ്രവാചകൻ യെരിഹോ പട്ടണത്തിൽ നിന്നും ബെഥേലിലേക്ക് യാത്ര പുറപ്പെട്ടു. ഇന്നത്തെപ്പോലെ സഞ്ചാരയോഗ്യമായ റോഡുകളോ വാഹനസൗകര്യങ്ങളോ അന്നില്ലായിരുന്നു.

കായ്കനികളും, തേനും, പാറപ്പിളർപ്പുകളിലെ വെള്ളവും ഒക്കെയാണ് ആഹാരം. ക്ഷീണിച്ചു മടുക്കുമ്പോൾ വിശ്രമിക്കുവാൻ - തണലേകുന്ന പടുകൂറ്റൻ വൃക്ഷങ്ങൾ. ഇങ്ങനെ യാത്ര തുടരവേ, കടന്നുപോകുന്ന വഴിയിൽ ഒരു കൂട്ടം ബാലന്മാരെ നമ്മുടെ പ്രവാചകൻ കണ്ടുമുട്ടി.

വികൃതികളായ അവർ പ്രവാചകനെ കളിയാക്കുവാൻ ആരംഭിച്ചു. മറ്റുള്ളവരെ പരിഹസിക്കുക, കളിയാക്കുക എന്നത് ചിലർക്ക് വളരെ ഇഷ്ടമുള്ള കാര്യമാണ്. ഇങ്ങനെയുള്ള ചിലരും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു തീർച്ച. കളിയാക്കുവാനായി ഇരട്ടപ്പേരുകൾ ഇടാൻ ചിലർ മിടുമിടുക്കരാണ്.

കളിയാക്കലിന്റെ തുടക്കത്തിൽ ഒരുപക്ഷേ പ്രവാചകൻ അത് അവഗണിച്ചിരിക്കാൻ സാധ്യതയുണ്ട്. കുട്ടികളല്ലേ. പോട്ടെ എന്ന് വിചാരിച്ചു കാണും. എന്നാൽ കളിയാക്കലുകൾ അതിന്റെ പരിമിതികൾ ലംഘിച്ചു കൊണ്ട് ഭീഷണിയുടെ സ്വരത്തിലേക്കായി

മൊട്ടത്തലയാ കയറി വാ...

എന്നവർ വിളിച്ചു കൂവി... പിന്നീട് എന്താണ് സംഭവിച്ചത്?

അറിയാമോ കൂട്ടുകാരെ?

പ്രവാചകൻ യഹോവയുടെ നാമ



# അഹങ്കാരം ആപത്ത്

**ബീനാ സിബി തളിപ്പറമ്പ്**

ത്തിൽ അവരെ ശപിച്ചു. കാട്ടിൽ നിന്നും ഇറങ്ങി വന്ന രണ്ടു കരടികൾ ‘അവരിൽ നാല്പത്തിരണ്ടു പേരെ കീറിക്കളഞ്ഞു’ – ദുഷ്ടതയുടെ അവസാനം – നാശം. എത്ര ഭയാനകമായ ഒരു കാഴ്ച ആയിരിക്കും അത് അല്ലേ. അവരിൽ നാല്പത്തിരണ്ടുപേർ എന്ന് പറയാനെന്താണ് കാരണം? പ്രവാചകനെ പരിഹസിക്കാതെ, ആ പ്രവർത്തിയിൽ പങ്കു ചേരാത്ത ബാലന്മാരും ആ കൂട്ടത്തിൽ കാണും, അവർക്ക് ഒന്നും സംഭവിച്ചില്ല എന്നാണ് അതിനർത്ഥം.

“ഗർവുള്ള ഏവനും യഹോവയ്ക്ക് വെറുപ്പ്
അവന് ശിക്ഷ വരാതെയിരിക്കയില്ല”

ഗർവ്വ് / അഹങ്കാരമുള്ളവർ ആരാണ്?

സ്വന്തം ജീവിതത്തിലെ തെറ്റുകൾ കാണാത്തവരാണ്.

ഞാനാണ് ഏറ്റവും മിടുക്കൻ എന്നു കരുതുന്നവരാണ്.

മറ്റുള്ളവരുടെ വാക്കുകളെ പരിഗണിക്കാത്തവരാണ്.

മറ്റുള്ളവർക്ക് അർഹമായ ബഹുമാനം നല്കാത്തവരാണ്.

നാം മറ്റുള്ളവരെ ബഹുമാനിക്കുന്നവരാണോ?

മറ്റുള്ളവരെ കാണുമ്പോൾ അവരോട് ഇടപ്പെടുമ്പോൾ പരിഹാസത്തിന്റെ ചുവ നമ്മുടെ വാക്കിലും പ്രവർത്തിയിലും ഒളിപ്പിച്ചു വെച്ചിട്ടുണ്ടോ?

ഉണ്ടെങ്കിൽ ദൈവ മുൻപാകെ അവ ഏറ്റുപറയണം ഉപേക്ഷിക്കണം.

അഹങ്കാരം നമ്മിൽ വന്നാൽ നാം നശിച്ചു പോകും. മറ്റുള്ളവർക്ക് ബഹുമാനം കൊടുത്താൽ അത് അതേ അളവിലും തൂക്കത്തിലും തിരിച്ചു കിട്ടും എന്നോർക്കുക.

ഈ പുതിയ വർഷത്തിൽ മറ്റുള്ളവർക്ക് ബഹുമാനം കൊടുത്ത് ബഹുമാനം വാങ്ങുന്നവരായി തീരുവാൻ കൂട്ടുകാരെ നമുക്ക് ദൈവത്തിൽ ആശ്രയിക്കാം.

മറക്കരുത് “ഗർവ്വമുള്ള ഏവനെയും യഹോവയ്ക്കു വെറുപ്പ്
അവന് ശിക്ഷ ലഭിക്കും ഉറപ്പ്”



ചരിത്രവഴിയിലൂടെ.....

# സണ്ടേസ്കൂളും അതിന്റെ ആദ്യകാല പ്രവർത്തനങ്ങളും

ഇൻഡ്യാ ദൈവസഭയുടെ ആരംഭം മുതൽ അടുത്ത തലമുറയെ സുവിശേഷ സത്യം ഗ്രഹിപ്പിച്ച് വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടുകൂടി വളരെ ചുമതലാബോധത്തോടെ നടത്തിപ്പോരുന്ന വിഭാഗമാണ് സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്. ഇളംതലമുറയെ വളർത്തിയെടുത്ത് സഭയ്ക്ക് പ്രയോജനമുള്ളവരാക്കി തീർക്കുക എന്ന ലക്ഷ്യം നേടുന്നതിന് കാലാകാലങ്ങളിൽ നിയോഗിക്കപ്പെടുന്ന അനേക ദൈവദാസന്മാർ ഉണ്ട്. അതിൽ മുൻകൈ എടുത്ത് പ്രവർത്തിച്ച ഒരാളാണ് പാസ്റ്റർ സി.കെ. ജോൺ, മെയ്മന, ഇലന്തൂർ.



പാസ്റ്റർ സി.കെ. ജോൺ

അദ്ദേഹം 2-11-1907 ൽ ജനിച്ചു. വിദ്യാഭ്യാസത്തിനു ശേഷം ബിസിനസിൽ ഏർപ്പെട്ട സി.കെ. ജോൺ 1923 നവംബർ 16-ാം തീയതി രക്ഷിക്കപ്പെട്ടു. മുളക്കുഴയിലും കുമ്പനാട്ടും ബൈബിൾ സ്കൂൾ പഠനം പൂർത്തിയാക്കിയശേഷം 1948 ൽ പൂർണ്ണ സമയ സുവിശേഷകനായി വാര്യാപുരം സഭ ശുശ്രൂഷ ഏറ്റെടുത്തു. തുടർന്ന് ആത്മീകമായും സംഘടനാ പരമായും അദ്ദേഹം വളർന്ന് 1956 ൽ ഡിസ്ട്രിക്ട് പാസ്റ്റർ ആയി. അതിനെ തുടർന്ന് കൗൺസിൽ മെമ്പർ, എക്സിക്യുട്ടീവ് കൗൺസിൽ മെമ്പർ, സണ്ടേസ്കൂൾ & വൈ.പി.ഇ ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

അദ്ദേഹം സുവിശേഷവേല ചെയ്യാൻ തുടങ്ങിയകാലം മുതൽ സണ്ടേസ്കൂൾ പ്രവർത്തനത്തിൽ അതീവ തല്പരനായിരുന്നു. 1950 വരെ ദൈവസഭാ സണ്ടേസ്കൂൾ ഒറ്റപ്പെട്ട ഒരു പ്രവർത്തന മേഖലയായി പ്രാദേശിയ സഭകളിൽ മാത്രം ഒതുങ്ങി കഴിഞ്ഞിരുന്നു. അതിനെ സംഘടിപ്പിച്ച് ഒരു സംഘടനയാക്കി വളർത്തിയെടുത്ത മഹാരഥന്മാരിൽ ഒരു പ്രധാന വ്യക്തിയാണ് പാസ്റ്റർ സി.കെ. ജോൺ. ഏകീകരിക്കപ്പെട്ട സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് പാഠപദ്ധതി ആവശ്യമായിരുന്നു. 1960 ൽ 1 മുതൽ 4 വരെ ഉള്ള ക്ലാസുകളിലെ പാഠപദ്ധതി പ്രസിദ്ധീകരിച്ചു. 1970 ന് ശേഷമാണ് ബാക്കി ഉള്ള ക്ലാസിലേക്ക് പാഠപദ്ധതി ക്രമീകരിച്ച് ഏകീകൃത പഠന സമ്പ്രദായം സണ്ടേസ്കൂളിൽ നടപ്പിൽ വന്നത്. അതിന് ശേഷം ഏകീകൃത പരീക്ഷാ സമ്പ്രദായവും തുടങ്ങിയത് പാസ്റ്റർ സി.കെ. ജോൺ സണ്ടേസ്കൂൾ സെക്രട്ടറി ആയിരിക്കുമ്പോഴാണ്.

മലയാളക്കരയിലെ പെന്തക്കോസ്തുകാരുടെ ഇടയിൽ യുവജനസംഘടനാ പ്രവർത്തനങ്ങൾ ഇല്ലാതിരുന്നതിനാൽ യുവജനപ്രവർത്തനം തുടങ്ങണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനുവേണ്ടി വാര്യാപുരത്തു പുത്തൻ പീടികയിലുള്ള ചില യുവാക്കളെ സംഘടിപ്പിച്ച് പത്തനംതിട്ടയിൽ പുത്തൻപീടികയിലെ ചർച്ച് ഓഫ് ഗോഡ് ഹാളിൽ കൊണ്ടുപോകുകയും അങ്ങനെ 1947 മെയ് 2 ന് ഒരു യുവജന സംഘടന പാസ്റ്റർ സി.കെ. ജോൺ പ്രാർത്ഥിച്ച് ആരംഭിക്കുകയും ചെയ്തു. അദ്ദേഹം ദീർഘനാളുകൾ വൈ.പി.ഇ ഡയറക്ടർ ആയിരുന്നു.

കർത്താവിന്റെ ദാസൻ പാസ്റ്റർ സി.കെ. ജോൺ ദൈവസഭയ്ക്കും സണ്ടേസ്കൂൾ വൈ.പി.ഇ സംഘടനകൾക്കും വേണ്ടി തന്നാൽ ആവോളം പ്രവർത്തിച്ചു. ഓരോ സഭകളിലേക്കും പോയി സണ്ടേസ്കൂൾ വൈ.പി.ഇ പ്രവർത്തനങ്ങൾ നേരിൽ അന്വേഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക പതിവായിരുന്നു. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല" നമ്മുടെ പൂർവ്വപിതാക്കന്മാർ നമ്മൾക്കുവേണ്ടി ചെയ്ത നല്ല കാര്യങ്ങൾ നന്ദിയോടെ ഓർക്കാം. അതിനായി ദൈവത്തെ സ്തുതിക്കാം. 13-9-1994ൽ തന്റെ 87-ാം വയസ്സിൽ നിത്യതയിൽ പ്രവേശിച്ചു.

# ഭാഗ്യവാൻ

## മിടുക്കനായൊരു മണ്ടൻ

ആർ.ജെ.





# ബൈബിൾ ധ്യാനം ഒരു ശീലം

**പാസ്റ്റർ ബോബി എസ്. മാത്യു**

ഹലോ കൂട്ടുകാരെ, നിങ്ങൾക്കറിയാമോ ബൈബിൾ ദൈവം നമ്മളോട് സംസാരിക്കുന്ന മാധ്യമമാണ്.നിങ്ങൾ എപ്പോഴെങ്കിലും ദൈവത്തിന്റെ ശബ്ദം കേട്ടിട്ടുണ്ടോ? ബൈബിൾ എങ്ങനെ ധ്യാനാത്മകമായി വായിക്കാം എന്നതിനെക്കുറിച്ച് ചില കാര്യങ്ങൾ കുറിക്കട്ടെ. 'ലെക്സിയോ ഡിവിന' എന്ന ദൈവീക വായന 1500 വർഷങ്ങൾക്ക് മുമ്പ് ബെനഡിക്ടൻ സന്യാസിമാരാണ് ആരംഭിച്ചത്. ചില നാളുകൾക്ക് ശേഷം ഈ ദൈവിക വായനയ്ക്ക് ചില മാറ്റങ്ങൾ വന്നു. നാല് പടികളാണ് ഈ ധ്യാനാത്മക വായനക്ക് ആരംഭത്തിൽ ഉണ്ടായിരുന്നത്. റീഡിങ് അഥവാ ലെക്സിയോ മെഡിറ്റേഷൻ അഥവാ മെഡിഷിയോ, പ്രയർ അഥവാ കൊറേഷിയോ, കണ്ടംപ്ലീഷൻ അഥവാ കണ്ടംപ്ളേഷിയോ . വീണ്ടും ചില നാളുകൾക്ക് ശേഷം മറ്റൊരു ദൈവഭൃത്യൻ ഇതിനെ ലളിതമായ 4 പടികൾ ആക്കി. അതായത് റീഡ്, റിഫ്ലെക്റ്റ്, റസ്പോൺസ്, റസ്റ്റ് എന്നിവയാണിത്. പിന്നീട് രണ്ട് പടികളും കൂടെ ചേർത്ത് റെഡി, റീഡ്, റിഫ്ലക്റ്റ്, റെസ്പോൺസ്, റസ്റ്റ്, റിട്ടേൺ എന്നിവയാക്കി. ഈ ആറു പടികളെ കുറിച്ച് ചുരുക്കമായി ഒന്ന് വിവരിക്കട്ടെ.

### 1. Ready

റെഡി എന്നാൽ തയ്യാറാകുക. ദൈവവചന ധ്യാനത്തിന് ഉചിതമായ ഒരു സ്ഥലവും സമയവും കണ്ടെത്തി നാം തയ്യാറാകുക എന്നതാണ് ഈ പടി കൊണ്ടുദ്ദേശിക്കുന്നത്. ഈ സന്ദർഭത്തിൽ മനസ്സിനെ ഏകാഗ്രമാക്കി ശാന്തമായി ഇരിക്കാൻ കഴിയുന്ന ഒരു സ്ഥലം തിരഞ്ഞെടുക്കുക. 5 മിനിറ്റ് കൊണ്ട് പൂർണ്ണമായി നമ്മുടെ ശ്രദ്ധ ഏകാഗ്രമായും മറ്റ് ചിന്തകളിൽ നിന്ന് ഒഴിഞ്ഞു ഇരിക്കുകയുമാണ് വേണ്ടത്. കഴിവതും പ്രഭാതത്തിൽ ഉള്ള സമയമാണ് ഏറ്റവും അനുയോജ്യമായത്. ഒരു പേനയും ഡയറിയും കരുതുക. ദൈവ സാന്നിദ്ധ്യത്തെ സ്വാഗതം ചെയ്തു ആരംഭിക്കുക.

### 2. Read

തയ്യാർ ആയതിനുശേഷം നാം ഒരു ചെറിയ വേദ ഭാഗം മനസ്സിരുത്തി വായിക്കുക. സാവകാശത്തിൽ ഓരോ വാക്കുകളിലൂടെ മനസ്സിരുത്തി ശാന്തമായി വായിക്കുക. ഈ വേദഭാഗം പല ആവർത്തി വായിക്കുക. ഇങ്ങനെ വായിക്കുമ്പോൾ ഏതെങ്കിലും വാക്യങ്ങളോ പദങ്ങളോ

നിങ്ങളുടെ മനസ്സിനെ സ്പർശിക്കുന്നുവെങ്കിൽ അത് ഡയറിയിൽ കുറിച്ച് വെക്കുക.

### 3.Reflect

മൂന്നാമത്തെ പടിയാണ് റിഫ്ലക്റ്റ് അഥവാ പ്രകാശനം. നിങ്ങളെ സ്പർശിച്ച വാക്യങ്ങളോ വാക്കുകളോ കൂടുതൽ പ്രകാശിക്കാനായി അനുവദിക്കുക. ഇവിടെ നിങ്ങളുടെ ഭാവനയും ചിന്തയും വികാരങ്ങളും ഒക്കെ ഉപയോഗിക്കുക. നിങ്ങൾക്ക് ലഭിക്കുന്ന പ്രകാശനം അഥവാ റിഫ്ലക്ഷൻസ് നോട്ടുബുക്കിൽ എഴുതാൻ മറന്നു പോകരുത്. ഇത് എഴുതുമ്പോൾ ഒരു പ്രസംഗമായി എഴുതേണ്ട ആവശ്യമില്ല. മറ്റുള്ളവർക്ക് വേണ്ടി എന്ന രീതിയിലും എഴുതരുത്. നിങ്ങളുടെ ഭാഷയെക്കുറിച്ചും വ്യാകരണത്തെ കുറിച്ചും വ്യാഖ്യാനത്തെ കുറിച്ചും ഒന്നും അപ്പോൾ ചിന്തിച്ച് സമയം കളയേണ്ട കാര്യമില്ല. വേണമെങ്കിൽ അതൊക്കെ പിന്നീട് പരിശോധിക്കാവുന്നതാണ്.

### 4 Response

നാലാമത്തെ പടിയാണ് റസ്പോൺസ് അഥവാ പ്രതികരിക്കുക. വായിച്ച വേദ ഭാഗത്തുനിന്ന് ദൈവം നിങ്ങളോട് എന്തൊക്കെ സംസാരിച്ചു എന്നതിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കുകയും അത് നിങ്ങളുടെ ഡയറിയിൽ കുറിച്ചു വെയ്ക്കുകയും ചെയ്യുന്ന സമയമാണ്. ഇവിടെ ഒരുപക്ഷേ ദൈവം നിങ്ങളുടെ കുറവുകൾ വെളിപ്പെടുത്തുന്നുണ്ടാവാം അല്ലെങ്കിൽ ദൈവം നിങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ നൽകിയ വാഗ്ദാനങ്ങളെകുറിച്ച് ഓർമ്മപ്പെടുത്തുന്നു ഉണ്ടാകാം. അല്ലെങ്കിൽ ദൈവത്തിന്റെ അഗാധമായ സ്നേഹത്തെ ഇവിടെ പ്രതിപാദിക്കുന്നുണ്ടാകാം. അതിനോട് പ്രതികരിക്കുകയും അത് നമ്മുടെ സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യാനാണ് ശ്രമിക്കേണ്ടത്.

### 5. Rest

അഞ്ചാമത്തെ പടിയാണ് റസ്റ്റ് അല്ലെങ്കിൽ വിശ്രമം. ഇതുകൊണ്ട് നിഷ്ക്രിയരായി വെറുതെ ഇരിക്കാൻ വേണ്ടിയല്ല ഉദ്ദേശിക്കുന്നത്. മറിച്ച് നമ്മുടെ ശരീരത്തെയും മനസ്സിനെയും ദൈവത്തിൽ ഏകാഗ്രമാക്കി ധ്യാനാത്മകമായി ചെലവിടുന്ന നിമിഷത്തെയാണ് ഉദ്ദേശിക്കുന്നത്. ഈ സമയം അന്യ ചിന്തകളൊന്നും കടന്നുവരാതെ വളരെ ധ്യാനത്തോടെ ദൈവത്തിൽ മാത്രം ആശ്രയിച്ചു ദൈവത്തിൽ പൂർണമായി നിമജ്ഞനായി ഇരിക്കുന്ന ഒരു അവസ്ഥയാണ് ഇത്. ദീർഘമായി ശ്വാസോച്ഛ്വാസം ചെയ്തുകൊണ്ട് നാം വായിച്ച വചനത്തെ വളരെ ഫലപ്രദമായി ധ്യാനിക്കാൻ കഴിയും.

### 6. Return

അവസാനത്തെ പടിയാണ് റിട്ടേൺ അഥവാ തിരിഞ്ഞു പോവുക. ഇത് നാം ഒരു ദിവസം മുഴുവൻ ചെയ്യേണ്ടതായ ഒരു പ്രക്രിയയാണ്. ദൈവം നമ്മളോട് അന്ന് സംസാരിച്ചതായ വിഷയം പല സന്ദർഭത്തിലും അയവിറക്കുകയും വീണ്ടും ഓർക്കുകയും ചെയ്യുക. നാം കളിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും മറ്റ് എന്ത് ജോലി ചെയ്യുമ്പോഴും ദൈവം നമ്മോട് സംസാരിച്ച ഭാഗങ്ങളെ വീണ്ടും ഓർക്കുകയും ധ്യാനിക്കുകയും ചെയ്യുക.

പ്രിയ കൂട്ടുകാരെ, ഇതുപോലെ നാം ദൈവത്തിന്റെ വചനത്തെ ധ്യാനിക്കുമെങ്കിൽ ഈ ദൈവവചനത്തിന് നമ്മെ രൂപാന്തരപ്പെടുത്താൻ കഴിയും. ഈ ദൈവവചനം നമ്മെ ഐശ്വര്യമായി വഴിനടത്തുകയും ദൈവത്തിന്റെ സ്വരം നമുക്ക് ഹൃദ്യമായി കേൾക്കാനും കഴിയും. അതിനായി ദൈവം നമ്മെ എല്ലാവരെയും സഹായിക്കട്ടെ! ദൈവവചന ധ്യാനം നമ്മുടെ ശീലം ആകട്ടെ!





കിട്ടേണ്ടത് കിട്ടി
ഒരിക്കൽ നീലൻകുറുക്കൻ വിശന്നു നടക്കുമ്പോൾ
ഹയ്യടാ... ഒരു പശു ഇവനെ തിന്നാൽ വിശപ്പ് മാറും
ഹയ്യോ... കുറുക്കൻ എന്തെങ്കിലും സൂത്രം പ്രയോഗിച്ച് രക്ഷപെടണം
നിന്നെ ഞാൻ തിന്നാൻ പോവുകയാ...
ങേ... ചേട്ടൻ നാലു മാസം കഴിഞ്ഞു വരാമെങ്കിൽ ഞാൻ ഇതിന്റെ ഇരട്ടിയാകും. അപ്പോൾ ചേട്ടന് ആറ് മാസത്തേക്ക് ഇരതേടിപ്പോകേണ്ട.
സമ്മതിച്ചിരിക്കുന്നു. പക്ഷേ... നാലു മാസം കഴിയുമ്പോൾ കൃത്യമായി നീ ഇവിടെ തന്നെ വരണം
തീർച്ചയായും ഞാൻ വരും



അങ്ങനെ നാലു മാസം കഴിഞ്ഞു
ഇന്നാണല്ലോ ആ പശുവരാമെന്ന് പറഞ്ഞ ദിവസം
അങ്ങനെ പശുവിന്റെ അടുക്കലേക്ക് കുറുക്കൻ യാത്രയായി. വഴിയിൽ വെച്ച്
അല്ലാ... രാവിലെ എങ്ങോട്ടാണ് ഇത്ര ധൃതിയിൽ
താഴ്‌വാരം വരെ പോകുവാ... ഇന്നൊരു പശുവിനെ തിന്നാമെന്ന് ഏറ്റിട്ടുണ്ട്
ഹായ്..., ചേട്ടൻ ഒറ്റയ്ക്ക് ശാപ്പിടാൻ ബുദ്ധിമുട്ടായിരിക്കും ഞാനും വരാം എനിക്ക് അല്പം തന്നാൽ മതി.
ശരി പോരു... എനിക്കൊരു കൂട്ടും ആകും.
അവർ രണ്ടുപേരും കൂടി പോകുന്നതുകണ്ട മിട്ടു കുരങ്ങൻ
ങേ... രണ്ടു കള്ളന്മാരും ചേർന്നുള്ള പോക്കുകണ്ടാലറിയാം. എന്തോ വേല ഒപ്പിക്കാനുള്ള പോക്കാണെന്ന് സൂത്രത്തിൽ കൂടെ കൂടാം.
ചേട്ടന്മാർ രണ്ടും കൂടി എങ്ങോട്ടാണ്?
ഒരു പശുവിനെ തിന്നാൻ പോകുവാ..


ചേട്ടന്മാരെ.. ഞാനും കൂടി വരട്ടെ... നിങ്ങൾക്കൊരു കൂട്ടിന്...
ശരി വന്നോളൂ
മൂന്ന് പേരും കൂടി യാത്രയായി
വേഗം വരു.. എനിക്ക് നല്ല വിശപ്പുണ്ട്
അങ്ങനെ അവർ പശുവിന്റെ അടുത്തെത്തി
സുന്ദരിപ്പശു... നീ മിടുക്കിയായല്ലോ... നിന്റെ ഇറച്ചിയുടെ പങ്കുപറ്റാൻ എന്റെ സുഹൃത്തുക്കളുമുണ്ട്
നിൽക്ക് ചേട്ടാ... ഇവനെ കഴുത്ത് കീറി കൊന്നാൽ ചോര നഷ്ടപ്പെടും അതുകൊണ്ട് ഇവനെ ശ്വാസം മുട്ടിച്ച് കൊല്ലാം
അതു കൊള്ളാം


ഉഗ്രൻ ഐഡിയാ...! പക്ഷേ അതിനെന്താ ഒരു വഴി...?
വെരിസിംപിൾ ഒരു കയറുവേണം അതിലൊരു കുരുക്കിട്ട് പശുവിന്റെ കഴുത്തിലിടണം പിന്നെ ഒറ്റവലി... സംഗതി... ക്ലീൻ..!
ഉടനെ കുരങ്ങൻ ഒരു കയറ് കൊണ്ടുവന്നു!
ആദ്യം ഈ വലിയ കുരുക്ക് പശുവിന്റെ കഴുത്തിലിടാം.
പിന്നെ ഈ ചെറിയ കുരുക്ക് ചേട്ടന്മാരുടെ കഴുത്തിലിടാം... അറ്റത്തു നിന്ന് ഞാനും പിടിച്ചോളാം അതോടെ ഇവൻ സൂപ്പായതു തന്നെ...
നിന്നെ സമ്മതിച്ചിരിക്കുന്നു.
പശുവിന്റെയും, കുറുക്കന്റെയും, കടുവയുടെയും കഴുത്തിൽ കുടുക്കുകളിട്ടു. അറ്റത്ത് കുരങ്ങനും പിടിച്ചു.
റെഡി, വൺ, ടൂ, ത്രീ... വലിച്ചോ...


പശു ഒന്നു കുതിച്ചു. കുറുക്കന്റെയും, കടുവയുടെയും കഴുത്തിൽ കുരുക്ക് മുറുക്കി.
എന്റമ്മോ... എന്തൊരു ശക്തി
ഹയ്യോ...
ഇപ്പോ.. ശരിയാക്കി തരാമെടാ.. ദുഷ്ടന്മാരേ...
ചേട്ടൻ വലിച്ചോ... എന്റെ കഴുത്ത് മുറുകുന്നതുപോലെ തോന്നുന്നു.. ഹയ്യോ...
എന്റെയും ഹമ്മോ...
അങ്ങനെ കാര്യങ്ങൾ എല്ലാം കഴിഞ്ഞു...
ഹൊ... ഒരു നല്ല കാര്യം ചെയ്തു ഇനി പോയേക്കാം
കുരുക്ക് മുറുകി കുറുക്കന്റെയും കടുവയുടെയും കഥകഴിഞ്ഞതോടെ പശു കഴുത്തിലെ കുരുക്ക് ഊരിക്കളഞ്ഞിട്ട് അവിടുന്ന് സ്ഥലം വിട്ടു.
മണ്ടന്മാരായ ഇവരല്ലാതെ ആരെങ്കിലും കഴുത്തിൽ കുരുക്കിട്ട് ഇര പിടിക്കുമോ? എന്തായാലും ശല്യം ഒഴിഞ്ഞു... ഹ...ഹ..ഹ..

# കൗൺസിലറോടു ചോദിക്കാം



# തികവുള്ള തീരുമാനങ്ങൾ

**ഡോ. സജികുമാർ കെ. പി., പി. എച്ച്. ഡി**
ക്രിസ്ത്യൻ കൗൺസിലർ, കോട്ടയം

**ചോദ്യം** :

സർ, ഞാൻ മെഡിക്കൽ എൻട്രൻസിന് തയ്യാറെടുത്തുകൊണ്ടിരിക്കുന്ന ഒരു വിദ്യാർത്ഥിയാണ്. സാമാന്യം നന്നായി പഠിച്ചുകൊണ്ടിരുന്ന ഞാൻ ഇപ്പോൾ അത്ര നന്നായി പഠനത്തിൽ ശ്രദ്ധിക്കുന്നില്ല. അതിന്റെ കാരണം ഞാൻ ഒരു ദുഃസ്വഭാവത്തിന് അടിമപ്പെട്ടു എന്നതാണ്. അതിൽ നിന്ന് കരകയറുവാൻ എനിക്ക് ആഗ്രഹമുണ്ട്. പലപ്പോഴും വചനം കേൾക്കുമ്പോൾ ഞാൻ ഈ സ്വഭാവം നിർത്താൻ തീരുമാനിക്കും. പക്ഷേ പരമാവധി ഒരു ആഴ്ചയിൽ കൂടുതൽ ആ തീരുമാനത്തിൽ പിടിച്ചു നിൽക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. എന്റെ തീരുമാനം ഈ പുതിയ വർഷത്തിൽ അങ്ങനെ സംഭവിക്കരുത് എന്നാണ്. എന്റെ തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാൻ ഞാൻ എന്തുചെയ്യണം?

**ഉത്തരം** : നെപ്പോളിയൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "എന്റെ മനസ്സ് ധാരാളം തീരുമാനങ്ങൾ നിറച്ചു വച്ചിരിക്കുന്ന അറകൾ പോലെയാണ്. തക്കസമയത്ത് അവയിൽ ഏതെങ്കിലും അറ തുറക്കും പോലെ എന്റെ തീരുമാനങ്ങൾ ഞാൻ പുറത്തുകൊണ്ടുവരികയാണ് ചെയ്യുന്നത്." തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാൻ നമുക്ക് പ്രേരണ തരുന്ന നല്ല വരികളാണത്.

പല സുപ്രധാന തീരുമാനങ്ങളും ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടവയാണ്. ചിലർ എടുത്ത ധീരമായ ചില തീരുമാനങ്ങൾ അവരുടെയും മറ്റുള്ളവരുടെയും ജീവിതത്തിൽ സമൂലമായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഉൽപത്തിയിലെ ഏദൻ തോട്ടത്തിൽ മുതൽ വെളിപ്പാടു പുസ്തകത്തിലെ സഭകൾക്കുള്ള ദൂതുകൾ വരെ അടിവരയിടുന്നത് ദൈവവും നാമും തമ്മിലുള്ള ബന്ധം തീരുമാനിക്കപ്പെടുന്നത് നമ്മുടെ തീരുമാനങ്ങൾ അനുസരിച്ചാണ് എന്ന സുപ്രധാന വസ്തുതയാണ്.

ദുഃസ്വഭാവം സ്വയം നശിപ്പിക്കുന്നു എന്ന തിരിച്ചറിവിൽ നിന്നാണ് അതിൽ നിന്ന് രക്ഷ നേടാൻ തീരുമാനം എടുത്തത്. പക്ഷേ ആ തീരുമാനത്തിൽ നിൽക്കാൻ കഴിയാതെ പോകുന്നത് തികച്ചും ദൗർഭാഗ്യകരമാണ്. സുപ്രധാന തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാൻ താഴെ പറയുന്നവ ശ്രദ്ധിക്കാം.

1) നാം എടുത്ത തീരുമാനം പരമാവധി പരസ്യമാക്കുക. സുപ്രധാന തീരുമാനങ്ങൾ ഒരിക്കലും രഹസ്യമായി വയ്ക്കരുത്. അത് പരസ്യമാകും തോറും അത് ലംഘിക്കാനുള്ള ലാഘവത്തം കുറഞ്ഞുവരും. പറയാകുന്നിടത്തോളം തുറന്ന് പറയുന്നവരോട് പരമാവധി നിങ്ങളുടെ തീരുമാനം പ്രസിദ്ധപ്പെടുത്തുക.

2) തീരുമാനങ്ങളെ കുറിച്ചു വയ്ക്കുക: അതായത് നിങ്ങൾ എന്നും ശ്രദ്ധിക്കാൻ സാദ്ധ്യതയുള്ള ഒരു സ്ഥലത്ത് ഈ തീരുമാനത്തെ എഴുതിയോ, വരച്ചോ, പ്രതിരൂപാത്മകമായോ പ്രദർശിപ്പിക്കുക. അത് കാണുന്ന ഓരോ ദിവസവും നിങ്ങൾ നിങ്ങളുടെ തീരുമാനത്തെ ആവർത്തിച്ച് ഉറപ്പിക്കും.

3) തീരുമാനത്തെ ഇല്ലാതാക്കുവാനും അതിൽ നിന്ന് വ്യതിചലിക്കപ്പെടുവാനുമുള്ള സാഹചര്യങ്ങളെ ഒഴിവാക്കുക. ഉദാഹരണത്തിന് അശ്ലീലത മൊബൈൽ ഫോണിൽ കാണുക എന്നത് നിങ്ങളുടെ ശീലമാണെങ്കിൽ അത്തരം സെർച്ചുകൾ ബ്ലോക്ക് ചെയ്യുക. അത്തരം സംഭാഷണങ്ങളിൽ നിന്നും അകന്നു നിൽക്കുക.

4) ദൈവത്തിൽ ആശ്രയിക്കുക: നമ്മുടെ ശരിയായ തീരുമാനങ്ങൾ ദൈവത്തിന് വളരെ ഇഷ്ടമാണ്. വിശുദ്ധിയോടെയുള്ള ജീവിതത്തിന് പരിശുദ്ധാത്മാവാണ് നമ്മെ സഹായിക്കുന്നത്. അതുകൊണ്ട് നല്ല തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാൻ ആത്മീയ വർദ്ധനവ് അത്യാവശ്യമാണ് എന്നോർക്കുക.

പുതിയ വർഷത്തിൽ പുതിയ തീരുമാനങ്ങൾ നമുക്ക് കൈക്കൊള്ളാം. നല്ല തീരുമാനങ്ങൾ ഒരിക്കലും കൈമോശം വരാതെ അവയിൽ ശക്തമായി നിലനിൽക്കാൻ ബോധപൂർവ്വമായ പരിശ്രമങ്ങൾ ചെയ്യാം. ദൈവത്തിൽ ആശ്രയിക്കാം. അതിനായി സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**കൂട്ടുകാരേ,നിങ്ങളുടെ ചോദ്യങ്ങൾ, സംശയങ്ങൾ**
**ഇന്നുതന്നെ ഞങ്ങൾക്കെഴുതുക.**
**കൗൺസിലറോടു ചോദിക്കാം, നന്മ,**
**സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്, മൗണ്ട്സിയോൻ,**
**മുളക്കുഴ, ചെങ്ങന്നൂർ 689 505**



# ഒരു പൂവിന്റെ കഥ

വായിച്ചു കൊടുക്കാൻ പറഞ്ഞു മനസ്സിലാക്കാൻ

ഒരിക്കൽ ഒരു തോട്ടത്തിൽ ഒരു പൂ വിടർന്നു. 'സുന്ദരിയായ ഒരു റോസപ്പൂ' ചുവന്നു തുടുത്ത ഇതളുകളും ഇളം പച്ച ചാലിച്ച തണ്ടുമൊക്കെയുള്ള ഒരു റോസാപ്പൂ. ആരും കണ്ടാൽ കൊതിക്കുന്ന റോസാപൂ. മനംമയക്കും ഗന്ധംപരത്തുന്ന റോസാപൂ. കേൾക്കുമ്പോൾ അതിനെയൊന്നു കിട്ടിയാൽ കൊള്ളാമെന്നുണ്ടല്ലേ? അങ്ങനെ തന്നെയാണ് അപ്പുകുട്ടനും തോന്നിയത്. പക്ഷേ റോസാപ്പൂ പറിക്കുവാനായി കൈ നീട്ടിയ അപ്പുകുട്ടന്റെ വിരലുകളിൽ അതാ ചുവന്ന നിറം. തന്നെ പറിച്ചെടുക്കുവാനായി നീട്ടിയ അപ്പുവിന്റെ കൈകളിൽ കൂർത്തുമൂർത്ത മുള്ളുകൾ കുത്തിയതായിരുന്നു കാരണം. വേദന കൊണ്ടു പുളഞ്ഞ അപ്പു ശ്രമം മതിയാക്കി മടങ്ങി. റോസാപൂവിന് അഹങ്കാരമായി. പക്ഷേ ഒട്ടുകഴിയും മുമ്പേ ഒരു പച്ചപ്പുഴു അവളുടെ മുള്ളുകളും താണ്ടി ഇതളുകൾക്കരികിലെത്തി സുന്ദരമായ ഇതളുകളോരോന്നും കടിച്ചു മുറിച്ച് ശാപ്പിടാൻ തുടങ്ങി. ഇപ്പോൾ വേദനകൊണ്ട് പുളഞ്ഞത് റോസാപ്പൂവായിരുന്നു. നിമിഷങ്ങൾക്കകം ആ സുന്ദരി പൂവ് വെറും ഒരു തണ്ട് മാത്രമായി മാറി.



**റോസാപൂവിന്റെ കഥ നൽകുന്ന പാഠം**

1. നമ്മുടെ സൗന്ദര്യം ദൈവത്തിന്റെ ദാനമാണ്
2. നമ്മെ ഉപദ്രവിക്കുന്നവരോട് എതിർക്കുമ്പോൾ തന്നെ ആരെയും മുറിവേൽപ്പിക്കരുത്
4. നമ്മുടെ ജീവിതം ക്ഷണികമാണെന്ന് അറിഞ്ഞ് ദൈവത്തോട് നന്ദിയുള്ളവരായി ജീവിക്കുക.

## നിറം കൊടുക്കാമോ?



## 1,2,3, ...
## അറിയാമോ കൂട്ടുകാരേ

**എങ്കിൽ**
**1 മുതൽ 10 വരെയുള്ള**
**കുത്തുകൾ തമ്മിൽ**
**വരച്ചു യോജിപ്പിച്ച്**
**ചിത്രം**
**പൂർത്തിയാക്കൂ...**



## എല്ലാമായവൻ

രാജു പാമ്പാടി

ഇടയനായ് നമ്മെ നയിച്ചിടുമ്പോൾ
അഭയമായ് തീരുന്നവനേശു
രാജാവായ് നമ്മെ ഭരിച്ചിടുമ്പോൾ
സംരക്ഷിക്കുന്നവനേശു
താതനായ് നമ്മെ കാത്തീടുമ്പോൾ
സ്നേഹിച്ചിടുന്നവനേശു...

ഗുരുവായ് നമ്മെ പഠിപ്പിക്കുമ്പോൾ
വാത്സല്യമേകുന്നോനേശു
തോഴനായ് കൂടെ നടന്നീടുമ്പോൾ
കരുതീടുന്നവനേശു...
ദൈവമായുള്ളിൽ വസിച്ചീടുമ്പോൾ
പരിപാലിക്കുന്നവനേശു.

## ഞാനെത്ര ഭാഗ്യവാൻ!!

ലൗലി ഷാജി ഫിലിപ്പ്

ആദമും ഹവ്വയും ദൈവവും ചേർന്നൊരു
സ്വർഗ്ഗത്തിൽ തുല്യമാം ജീവിത കാലവും
ഭംഗി നിറഞ്ഞോരു ഏദന്റെ തോട്ടവും
ഓർമ്മയിൽ നിറയുന്നു നല്ലോരുകാലമായ്!
പൂക്കളും പറക്കുന്ന പൂമ്പാറ്റക്കുഞ്ഞങ്ങൾ
തോട്ടം നനയ്ക്കുന്ന നദികളുമൊക്കെയായ്
കൊതിയോടെ മനസ്സിലങ്ങോർത്തുപോകുന്നു
അന്നത്തെ ഭൂമിയതെത്രയോ സുന്ദരം!
ആരോപറഞ്ഞിടും കഥകൾ ഞാൻ കേൾക്കുമ്പോൾ
നാടിന്റെ ഭംഗിയും നാട്ടാരിൻ സ്നേഹവും
ഓടിക്കളിക്കുന്ന കുട്ടികൾ കൂട്ടമായ്
സ്വപ്നം പോലാക്കി ഞാൻ മനസുനിറക്കുന്നു!
ഇന്നിന്റെ കാലങ്ങൾക്കെത്രയോ മാറ്റമായ്
നാടെങ്ങും നടുക്കുന്നവാർത്തകൾ തന്നെയായ്
ഭൂമി നരകമായ് മാറ്റുന്ന കാഴ്ചകൾ
ഭീതിയിൽ ഓർമ്മകൾ മനസിൽ നിറയുന്നു!
കെഞ്ചുന്നു ഞാനെന്റെ സ്വർഗ്ഗീയ താതനേ
പൈതലാമെന്നെ നീ മാറോടണക്കണേ
മറ്റാരുമെന്നോടു കൂടെയില്ലെങ്കിലും
താതന്റെ പൈതലാം ഞാനെത്ര ഭാഗ്യവാൻ!





# ദൈവപരിപാലനം



ബിജു കെ. ജോൺ കോട്ടയം

**പൂ**ങ്കുയിൽ ഗ്രാമത്തിലെ രാജാവിന്റെ കൊട്ടാരത്തിലെ സ്തുതി പാഠകരിൽ മുഖ്യനാണ് രാംലാൽ. രാജാവിന്റെ ഉള്ളതും ഇല്ലാത്തതുമായ ഗുണങ്ങൾ വർണ്ണിച്ച് രാജാവിന്റെ പ്രീതി സമ്പാദിച്ചാണ് അയാൾ കഴിഞ്ഞിരുന്നത്.

രാംലാലിന്റെ അയൽ വാസിയായ ആത്മരാജ് പറയും നാം ദൈവത്തെയാണ് സ്തുതിക്കേണ്ടത്, സർവ്വചരാചരങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന സർവ്വശക്തനായ ദൈവത്തെയാണ് നാം നമ്മുടെ നാവുകൊണ്ട് മഹത്വപ്പെടുത്തേണ്ടത്.

ഇതുകേട്ട രാംലാൽ ചോദിച്ചു "അതുകൊണ്ട് എന്ത് പ്രയോജനം? എന്നാൽ രാജാവിനെ സ്നേഹിച്ചാൽ രാജാവ് വല്ലതും മനസ്സറിഞ്ഞു തരും"


ഒരിക്കൽ രാജാവ് രാംലാലിന് ഒരു സമ്മാനം നൽകി. അത് ഒരു മത്തങ്ങയായിരുന്നു. രാംലാൽ ആകട്ടെ ആ മത്തങ്ങ ചന്തയിൽ വിറ്റ്, കിട്ടയ പണവുമായി വീട്ടിലേക്ക് പോയി.

വൈകുന്നേരം ജോലിയൊക്കെ കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ച ആത്മരാജ് ചന്തയിൽ നിന്നു വാങ്ങിയ സാധനങ്ങളുടെ കൂടെ ആ മത്തങ്ങയും ഉണ്ടായിരുന്നു.

വീട്ടിലെത്തി മത്തങ്ങ മുറിച്ചപ്പോൾ അതിൽ നിറയേ സ്വർണ്ണ നാണയങ്ങൾ!

പിറ്റേ ദിവസം ഇക്കാര്യമറിഞ്ഞ രാംലാൽ ആത്മരാജിനോട് പറഞ്ഞു നീ പറഞ്ഞതാ ശരി. ഇന്നലെ രാജാവ് എനിക്ക് തന്ന മത്തങ്ങായാ നീ മേടിച്ചത് അതിൽ ഞാനറിയാതെ രാജാവ് ഒളിപ്പിച്ചിരുന്നത് സ്വർണ്ണനാണയങ്ങൾ... ഇപ്പോൾ ഒന്നെനിക്ക് മനസിലായി,

മനുഷ്യരെക്കാൾ ദൈവത്തെയാണ് സേവിക്കേണ്ടത്. എങ്കിലേ യഥാർത്ഥനന്മ നമുക്ക് ലഭിക്കൂ.



# ടെക്കനും ടെക്കിയും

തയ്യാറാക്കിയത്: റെന്നി. ജെ

## ഓക്സിജൻ ഇല്ലെങ്കിലും കുഴപ്പമില്ല, ഇന്റർനെറ്റ് കട്ട് ചെയ്യരുതേ.



സ്വ.ലേ:


ഇന്ന് പ്രാണവായു പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നായിതീർന്നിരിക്കുന്ന ഇന്റർനെറ്റ് എന്ന വിവര സാങ്കേതിക വിദ്യ കേവലം ആശയവിനിമയത്തിനു മാത്രമായല്ല നിത്യജീവിതത്തിന്റെ സമസ്ത മേഖലകളിലും ഒഴിച്ചു കൂടാനാവാത്ത ഒന്നായിട്ടാണ് ഇന്റർനെറ്റിനെക്കുറിച്ച് ലോകം വിലയിരുത്തുന്നത്. നമ്മുടെ പരമോന്നത നീതിപീഠം ഇതിനെ ഒരു ഇന്ത്യൻ പൗരന്റെ മൗലീക അവകാശമാണെന്ന് കഴിഞ്ഞ ദിവസം പരാമർശിച്ചത് ഓർക്കുമ്പോൾ ഇന്ന് ഈ വിവരസാങ്കേതീക വിദ്യയുടെ സ്വാധീനം എത്രമാത്രമാണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. പക്ഷേ പലരും ഇന്റർനെറ്റിന്റെ അനന്തമായ സാധ്യതകളെ ദുരുപയോഗം ചെയ്യുന്നു എന്നുള്ളതാണ് ഏറെ ഖേദകരമായ വസ്തുത. അതിൽ ഭരണകൂടവും വ്യക്തികളും ഒരു പോലെ പ്രതികളാണെന്നുള്ളതാണ് ഏറ്റവും വിചിത്രമായ കാര്യം. ഇന്ന് ഏറെ സൂക്ഷ്മതയോടെ ഉപയോഗിക്കേണ്ടതും രാജ്യത്തെ ഏതൊരു വ്യക്തിക്കും ഏത് സമയത്തും ലഭ്യമായിരിക്കേണ്ടതും ആയ ഒന്നായി ഇന്റർനെറ്റ് മാറിയിരിക്കുന്നു.



## മരട് ഫ്ളാറ്റ്....!

അന്യന്റെ വേദന ആഘോഷമാക്കരുതേ. കഴിഞ്ഞ ദിവസങ്ങളിൽ ലോകമെമ്പാടും ടിവി ചാനലുകളിൽ നിറഞ്ഞു നിന്നിരുന്ന ഫ്ളാറ്റ് പൊളിക്കൽ ദൃശ്യങ്ങളിൽ തകർന്നു വീഴുന്ന ഫ്ളാറ്റിന് അകമ്പടിയായി ആർപ്പു വിളികളും സന്തോഷാരവങ്ങളും മുഴങ്ങികേട്ടു. നിയമങ്ങൾ ലംഘിക്കുന്നത് തെറ്റ് തന്നെ എങ്കിലും പാർപ്പിടം നഷ്ടമായി ഹൃദയം തകർന്നു നിൽക്കുന്ന നൂറുകണക്കിന് കുടുംബങ്ങൾക്ക് ആ ആർപ്പുവിളികൾ എത്ര മാത്രം വേദന നൽകിയിട്ടുണ്ടാകും വാൽക്കഷണം: "തിന്മയോട് അകന്നു നിൽക്കുക മനുഷ്യരെ ചേർത്തുനിർത്തുക"

## ചന്ദ്രനിൽ ഒരു ചായക്കട ഇട്ടാലോ?



# പുതിയ വർഷം പുതിയ ചിന്ത




— HAPPY NEW YEAR —


നമുക്ക് എല്ലാവർക്കും പുതിയതായ എല്ലാം ഇഷ്ടമാണ്. പുതിയ ഉടുപ്പ് സമ്മാനങ്ങൾ അങ്ങനെ എല്ലാം, നാമറിയാതെ കൃത്യമായ ഇടവേളയിൽ നമ്മെ തേടി വരുന്ന ഒന്നായി മാറിയിരിക്കുന്നു പുതുവർഷം. കുറച്ച് happy new year message ഉം സ്മൈലികളിലും പിക്ചറുകളിലും എല്ലാം നാം അതിനെ ഒതുക്കുന്നു. എന്നാൽ പുതുവർഷം ഒരു പുതിയ പ്രതീക്ഷയാണ്. നന്മയുടെ വിജയങ്ങളുടെ, അംഗീകാരങ്ങളുടെ, അങ്ങനെ നമ്മെ മിടുക്കരാക്കുവാൻ കഴിയുന്ന പുതു പ്രതീക്ഷയുമായാണ് ഓരോ പുതുവർഷവും നമ്മെ തേടി എത്തുന്നത്. ഈ പുതുവർഷവും നമുക്ക് സ്വപ്നങ്ങൾ കാണാം, തീരുമാനങ്ങൾ എടുക്കാം, അവ നടപ്പിലാക്കുവാൻ പരിശ്രമിക്കാം, പരസ്പരം ബഹുമാനിക്കാം.

കേട്ടിട്ട് നടക്കാത്ത കാര്യമാണെന്ന് തോന്നുന്നുണ്ടെങ്കിലും ഭാവിയിൽ സംഭവിക്കാൻ സാധ്യതയുണ്ട്. കാരണം വരുന്ന ചില വർഷങ്ങൾക്കുള്ളിൽ ഇന്ത്യക്കാർ വരെ ചന്ദ്രനിലേക്ക് പോകുവാൻ തിരഞ്ഞെടുക്കപ്പെടുകയും അതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങികഴിയുകയും ചെയ്തു എന്നാണ് കേൾക്കുന്നത്.

പ്രത്യേകശ്രദ്ധയ്ക്ക്:

ചന്ദ്രനിൽ പോയാലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം സ്വർഗ്ഗത്തിൽ പോകുവാൻ ഒരുങ്ങിയില്ലെങ്കിൽ എവിടെ പോയിട്ടും ഒരു കാര്യവുമില്ല.

# ടെക്കമ്മാവൻ & ടെക്കമ്മായി



# ജോൺ ആഡംസ്

അജ്ഞാത ദ്വീപുകളും ഗുപ്തനിധികളും തേടിയുള്ള കടൽയാത്രകൾ പണ്ട് പാശ്ചാത്യ നാടുകളിൽ സാധാരണയായിരുന്നു. ഒരിക്കൽ 'ബൗൺട്രി' എന്ന കപ്പലിൽ ക്യാപ്റ്റൻ 'ബ്ലൈ'യുടെ നേതൃത്വത്തിൽ ഒരു കൂട്ടം നാവികരായ ചെറുപ്പക്കാർ ഇത്തരം ഒരു യാത്ര നടത്തി. അമൂല്യമായ ഒരു സസ്യത്തെ തേടിയായിരുന്നു യാത്ര. മടക്കയാത്രയിൽ കപ്പലിൽ ഒരു ലഹളയുണ്ടാവുകയും ദുഷ്ടരായ ഒരു കൂട്ടം ജോലിക്കാർ കപ്പൽ പിടിച്ചെടുക്കുകയും ചെയ്തു. ക്യാപ്റ്റൻ ഉൾപ്പെടെ കുറെപേരെ ചെറുതോണികളിൽ കയറ്റി കടലിൽ ഉപേക്ഷിച്ച് കപ്പലുമായി അവർ മറ്റൊരു ദിശയിലേക്ക് യാത്രയാരംഭിച്ചു. പസഫിക് സമുദ്രത്തിലൂടെ വളരെദൂരം സഞ്ചരിച്ച് 'പീറ്റ്കെയ്ൻ' എന്ന ഒരു ദ്വീപിൽ അവർ എത്തിച്ചേർന്നു. ദ്വീപിൽ ഇറങ്ങിയ സംഘത്തിൽ സ്ത്രീകളും പുരുഷന്മാരുമായി പതിനഞ്ചുപേർ ഉണ്ടായിരുന്നു. കവർച്ച ചെയ്ത കപ്പൽ പിടിക്കപ്പെടുമോ എന്ന ഭയത്താൽ അവർ കപ്പലിനെ നശിപ്പിച്ചു കളഞ്ഞു. അപരിഷ്കൃതരും അബലരുമായിരുന്ന ദ്വീപ്നിവാസികളെ ഭയപ്പെടുത്തി അവർ ദ്വീപിൽ സ്വൈരവിഹാരം നടത്തി. മദ്യപാനവും മറ്റുപാപപ്രവൃത്തികളുമായി ദ്വീപിലെ സമാധാന കാംക്ഷികളായ ജനങ്ങൾക്ക് ശല്യമായി അവർ മാറി. തങ്ങളുടെ ഒപ്പമുണ്ടായിരുന്നവരെപ്പോലും അവർ സ്നേഹിച്ചിരുന്നില്ല. ഇടയ്ക്കിടെ ഉണ്ടായിരുന്ന പരസ്പര കലഹങ്ങൾ അവരെ കൊലപാതകത്തിലേക്ക് നയിച്ചു.



പത്തുവർഷങ്ങൾ കടന്നുപോയി... പതിനഞ്ചു പേരടങ്ങിയ ആ സംഘത്തിൽ ഒരാൾ മാത്രമേ അപ്പോഴേക്കും അവിടെ ശേഷിച്ചിരുന്നുള്ളൂ. തികച്ചും ഒറ്റപ്പെട്ടവനായി തീർന്നിട്ടുപോലും അയാളുടെ ക്രൂരതകൾക്കും ദുഷ്ടചിന്തകൾക്കോ ഒരു മാറ്റവും വന്നില്ല. ദ്വീപ് നിവാസികളെ ഭീഷണിപ്പെടുത്തി നേടുന്ന ഭക്ഷണം കഴിച്ച് അയാൾ വിശപ്പടക്കി. ദ്വീപിൽ അലഞ്ഞു നടന്നിരുന്ന അയാളെ കാണുന്നവർ ഭയന്ന് ഓടിയൊളിച്ചിരുന്നു.

ഒരിക്കൽ നശിപ്പിക്കപ്പെട്ട കപ്പലിന്റെ അവശിഷ്ടങ്ങൾക്കിടയിലൂടെ അയാൾ വെറുതേ നടക്കുകയായിരുന്നു. ആ പാഴ്വസ്തുക്കൾക്കിടയിൽ ഒരു പുസ്തകം അയാളുടെ കണ്ണുകളിലുടക്കി. അത് അയാൾ കൈയ്യിലെടുത്തു. നാവികരിൽ ആരോ ഉപയോഗിച്ചിരുന്ന ഒരു പഴയ വേദപുസ്തകമായിരുന്നു അത്. ഒരി

ക്കൽപോലും താൻ വായിക്കുവാൻ മിനക്കെട്ടിട്ടില്ലാത്ത ആ പുസ്തകത്തിന്റെ താളുകൾ അയാൾ അലസമായി മറിച്ചുതുടങ്ങി. നേരമ്പോക്കിനായി ആ ദ്വീപിൽ മറ്റൊരുപാധിയും ഇല്ലാതിരുന്നതിനാലും, വല്ലാത്ത ഒരുതരം ഏകാന്തത തന്നെ അലട്ടിയിരുന്നതിനാലും പതിയെ ആ പുസ്തകം അയാൾ വായിക്കുവാനാരംഭിച്ചു. വായിക്കുന്തോറും വീണ്ടും വീണ്ടും വായിക്കുവാനുള്ള ഒരു വാഞ്ചം തന്റെ ഉള്ളിൽ നുരഞ്ഞു പൊങ്ങി. ദൈവസ്നേഹം തന്നിലേക്ക് ഒഴുകിയിറങ്ങുന്നതായി അയാൾക്ക് അനുഭവപ്പെട്ടു. 'ജോൺ ആഡംസ്' എന്ന ആ മനുഷ്യനിൽ ഒരു രൂപാന്തരം അവിടെ തുടങ്ങുകയായിരുന്നു.

വളരെ ശ്രദ്ധയോടെ ജോൺ തന്റെ ബൈബിൾ വായന തുടർന്നു. കർത്താവായ യേശുവിന്റെ കരസ്പർശം തന്നിൽ പലമാറ്റങ്ങളും വരുത്തുവാനാരംഭിച്ചു. തന്നെ സ്നേഹിച്ച് തന്റെ പാപങ്ങളുടെ മോചനത്തിനായി കാൽവറിക്രൂശിൽ യാഗമായി തീർന്ന യേശുക്രിസ്തുവിൽ വിശ്വസിച്ച്, അവിടുത്തെ തന്റെ രക്ഷകനും കർത്താവുമായി ഹൃദയത്തിൽ ഏറ്റെടുക്കുവാൻ ദൈവം ജോണിന് കൃപ നൽകി. തന്നെ മുഴുവനായി യേശുകർത്താവിന്റെ പാദപീഠത്തിൽ അയാൾ സമർപ്പിച്ചു.

ദ്വീപ് നിവാസികളെ അതിശയിപ്പിക്കും വിധം ജോൺ അവരെനോക്കി സ്നേഹത്തോടെ ചിരിക്കുവാനും സൗഹൃദപൂർവ്വം സംസാരിക്കുവാനും തുടങ്ങി. നല്ലൊരു സ്നേഹബന്ധം അവരുമായി വളർത്തിയെടുക്കാൻ വളരെവേഗം അയാളിലെ ദൈവസ്നേഹത്തിനു കഴിഞ്ഞു. അപരിഷ്കൃതരായ അവരെ നല്ല ശീലങ്ങൾ പഠിപ്പിക്കുന്നതിനും കുട്ടികളെ അക്ഷരങ്ങൾ പഠിപ്പിക്കുന്നതിനും അയാൾ വളരെയേറെ സമയം ചിലവഴിച്ചു. വളരെ താമസിയാതെ ദ്വീപ് നിവാസികളുടെ പ്രിയങ്കരനായ നായകനായി ജോൺ മാറി.

ദ്വീപിൽ ആദ്യമായി ഒരു സ്കൂൾ ആരംഭിച്ചു. അതിന്റെ സ്ഥാപകൻ ജോൺ ആഡംസ് ആയിരുന്നു. അക്ഷരാഭ്യാസം സിദ്ധിച്ചിട്ടുള്ള ദ്വീപിലെ ഏകവ്യക്തിയായിരുന്ന ജോൺ ആയിരുന്നു സ്കൂളിലെ ഏക അദ്ധ്യാപകൻ. പഠിപ്പിക്കുവാനായി മറ്റൊരു പുസ്തകവും ദ്വീപിൽ ഇല്ലാതിരുന്നതിനാൽ തന്റെ വേദപുസ്തകം ജോൺ കുഞ്ഞുങ്ങൾക്കായുള്ള പാഠപുസ്തകമാക്കി മാറ്റി. ക്രമേണ മുതിർന്നവരോടും ജോൺ വേദപുസ്തകസത്യങ്ങൾ പങ്കുവെയ്ക്കുവാൻ തുടങ്ങി. വൈകുന്നേരങ്ങളിൽ അവരുടെ ഭവനങ്ങൾ സന്ദർശിച്ച് അവരോടൊപ്പം സന്ധ്യാപ്രാർത്ഥന നടത്തി അവരോടൊപ്പം ഭക്ഷണം കഴിച്ച ശേഷമാണ് ജോൺ മടങ്ങിയിരുന്നത്. കുടിലുകളിൽ സന്ധ്യാപ്രാർത്ഥനയും പ്രഭാതത്തിലെ പ്രാർത്ഥനയും പതിവായി...

ക്രിസ്തുവിന്റെ സുവിശേഷം ദ്വീപിലെങ്ങും അവാച്യമായ ഒരു അനുഭൂതി നിറച്ചു. രൂപാന്തരത്തിന്റെ പാതയിലൂടെ അവർ നടന്നു. അവരുടെ ശീലങ്ങളും സ്വഭാവരീതികളും മാറ്റിയെടുക്കുവാൻ പരിശ്രമിച്ചുകൊണ്ട് ജോൺ എപ്പോഴും അവരോടൊപ്പം ഉണ്ടായിരുന്നു. തങ്ങളുടെ അപരിഷ്കൃത ജീവിതം വെടിഞ്ഞ ദ്വീപ് നിവാസികൾ ആകർഷകമായ പെരുമാറ്റരീതികൾക്ക് ഉടമകളായി മാറി. ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്ന ആ ദ്വീപ് പിൽക്കാലത്ത് പസഫിക് സമുദ്രത്തിലൂടെ യാത്രചെയ്തിരുന്ന കപ്പൽ യാത്രക്കാരുടെ ആകർഷണ കേന്ദ്രമായി മാറി. ദ്വീപിന്റെ സാമ്പത്തിക നിലവാരം ഉയർന്നു.

1980-ലെ സെൻസസ് പ്രകാരം ഈ ദ്വീപിലെ 100% ജനങ്ങളും ക്രിസ്ത്യാനികളായിരുന്നു. പേരുകൊണ്ടു മാത്രമല്ല, ജീവിതംകൊണ്ടും അവർ അപ്രകാരം തന്നെയായിരുന്നു. ഒരു ദുഷ്ടനായ കലാപകാരിയെ രൂപാന്തരത്തിന്റെ പാതയിലൂടെ നടത്തി, ആ ഒരൊറ്റ വ്യക്തിയിലൂടെ, ഒരൊറ്റ വേദപുസ്തകത്തിലൂടെ ഒരു ദ്വീപിനെ മുഴുവൻ രക്ഷയിലേക്ക് നടത്തിയ ദൈവകൃപ എത്ര അത്ഭുതം!!!


ജോൺ ആഡംസിന്റെ കല്ലറ

# ഒരു നുണക്കഥ

സ്കൂളിലേക്ക് പോകുമ്പോൾ മിട്ടുവിന് വഴിയിൽ കിടന്ന് ഒരു പത്തുരൂപ നോട്ടു കിട്ടി. പപ്പ പറഞ്ഞിട്ടുണ്ട് നമ്മുടേത് അല്ലാത്തതൊന്നും എടുക്കരുത് എന്ന്. എന്നാലും ആരും കാണുന്നില്ലല്ലോ, അവൻ ആ നോട്ട് എടുത്ത് പതിയേ മടക്കി പോക്കറ്റിലിട്ടു. സ്കൂളിലെത്തി കൂട്ടുകാരോടുകൂടെ കൂടിയപ്പോൾ കീശയും കാശുമെല്ലാം മറന്നുപോയി. വൈകിട്ട് വീട്ടിലെത്തിയ ഉടനെ ഉടുപ്പെല്ലാം മാറി കളിക്കാനും പോയി. കളിയെല്ലാം കഴിഞ്ഞ് തിരികെ വരുമ്പോൾ വാതിൽക്കൽ അമ്മച്ചിയുടെ നിൽപ്പും നോട്ടവും അത്ര പന്തിയല്ലല്ലോ എന്ന് അവൻ ചിന്തിച്ചു. അമ്മച്ചിയുടെ കൈയ്യിലെ വടി കണ്ടപ്പോൾ കാര്യങ്ങൾ ഏകദേശം തീരുമാനമായി. അമ്മച്ചിയുടെ അടുത്തെത്തിയതും അമ്മ വടിയും ഓങ്ങിക്കോണ്ടലറി. നിനക്കെവിടുന്നാടാ ഈ രൂപാ കിട്ടിയത്. ദൈവമേ, പണി പാളിയോ... അത്... അത്... അമ്മാ എനിക്ക് ബാബുമോൻ തന്നതാ... ഹാവൂ രക്ഷപെട്ടു. ബാബുമോൻ എന്തിനാ നിനക്ക് രൂപാ തരുന്നേ? ദൈവമേ ഞാൻ വീണ്ടും പെട്ടു. അത് അമ്മേ അവന്റെ പപ്പ ഗൾഫിൽ നിന്നു വന്നു. അതുകൊണ്ട് തന്നതാ... കർത്താവേ, കാത്തോണേ. ഗൾഫിൽ നിന്നും വരുന്നവരെല്ലാം രൂപയാണോ കൊടുക്കുന്നത്? സത്യം പറയെടാ. ശെടാ ഓർത്തിട്ട് ഒരു കള്ളവും വരുന്നില്ലല്ലോ... ആ... അമ്മേ, അവൻ എന്റെ ബെസ്റ്റ് ഫ്രണ്ടല്ലേ. അവന്റെ പപ്പ അവന് നൂറ് രൂപ കൊടുത്തായിരുന്നു അതുകൊണ്ടാ എനിക്ക് തന്നത്. ശരി... പറഞ്ഞത് അത്ര വിശ്വാസമായിട്ടില്ല എന്നമട്ടിൽ നോക്കി കൊണ്ട് അമ്മ അകത്തേക്ക് പോയി. കുറച്ചു കഴിഞ്ഞ് പഠിച്ചോണ്ടിരിക്കുന്ന മിട്ടുവിനെ ഞെട്ടിച്ചുകൊണ്ട് അമ്മയുടെ ആ വിളിയെത്തി. മിട്ടൂ... വിളിയുടെ അർത്ഥം മനസിലായ മിട്ടു അമ്മയുടെ മുന്നിൽ തലയും കുമ്പിട്ടു നിന്നു. ഞാൻ വിളിച്ചിരുന്നു. നിന്റെ ബെസ്റ്റ് ഫ്രണ്ടിന്റെ വീട്ടിൽ, ഇനിയും കള്ളം പറയേണ്ട, സത്യം പറയ്. നിനക്കെവിടുന്നാണീ പണം കിട്ടിയത്. ഞാൻ പപ്പയോടു പറയണോ? വേണ്ട അമ്മാ. അവൻ ഉള്ള സത്യം മുഴുവനും പറഞ്ഞു. അന്നു രാത്രി ഭക്ഷണവും കിട്ടിയില്ല. ഒരു നുണ വരുത്തിയവിന കണ്ടില്ലേ.

ഓർമ്മിക്കാൻ: “ഒരുനുണ നേരാക്കാൻ ഒരുപാട് നുണകൾ പറയേണ്ടി വരും. ഒടുവിൽ അതെല്ലാം പൊളിയുകയും നുണയനെന്ന പേരും കിട്ടുകയും ചെയ്യും.”



# സമ്മാനം.. സമ്മാനം..

ഇത് നിങ്ങളുടെ പേജാണ്. നിങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ എന്തും ഇവിടെ ചെയ്യാം. കഥയോ, കവിതയോ, ചിത്രം വരയ്ക്കുകയോ, പെയിന്റിംഗ് ചെയ്യുകയോ അങ്ങനെ എന്തും. എന്നിട്ട് ഇതിന്റെ പുറകിലെ താളിൽ കൊടുത്തിരിക്കുന്ന മത്സരത്തിൽ പങ്കെടുക്കൂ. വിജയികൾക്ക് കിടിലൻ സമ്മാനം ഉറപ്പ്! വേഗമാകട്ടെ നിങ്ങളുടെ സൃഷ്ടികൾ **2020 ഏപ്രിൽ 30ന് മുൻപായി** മറുപുറത്തു കൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

ഈ പേജ് മുറിച്ച് ഞങ്ങൾക്ക് അയച്ചു തരിക.

# പദപ്രശ്നം

ലിസി ബിജു കൊന്നപ്പാറ

**വലത്തോട്ട്**

1. തലമുടിക്കു പ്രസിദ്ധനായ ബൈബിൾ പുരുഷൻ (4)
2. അപ്പൊ. പ്രവൃത്തിയിൽ പറഞ്ഞിരിക്കുന്ന എത്യോപ്യൻ രാജ്ഞിയുടെ പേര് (3)
3. ദൈവത്തോട് വിവേകമുള്ള ഹൃദയം ചോദിച്ച വ്യക്തി (4)
7. പൗലോസിനെ അണലി കടിച്ചത് ഏത് ദ്വീപിൽ വച്ചാണ് (3)
13. വേദപുസ്തകത്തിലെ ഏറ്റവും ഉയരം കൂടിയ വ്യക്തി –(3)
16. പത്രോസ് പഠിപ്പുരയ്ക്കൽ നില്ക്കുന്നു എന്ന വിവരം അറിയിച്ച ബാല്യക്കാരി (2)

**ഇടത്തോട്ട്**

5. കൂശ് ദേശം ചുറ്റുന്ന നദി (3)
6. ജഡത്തിന്റെ ചിന്ത – 3
10. ജാതികളിൽ ബാലസിംഹമായവൻ ആര് – (4)
11. ആര് മരിച്ച ആണ്ടിൽ ആണ് കർത്താവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നത് പ്രവാചകൻ കണ്ടത് – (5)

**മുകളിലോട്ട്**

1. ഏതു ചിഹ്നമുള്ള അലക്സാന്ത്രിയൻ കപ്പലിലാണ്. പൗലോസും കൂട്ടരും മെലിത്തയിൽ നിന്നു തിരിച്ചത് – (3)
2. യേശുവിനെ വെച്ച ഒരിടം കേരളത്തിലെ ഒരു സ്ഥലമാണ്. സ്ഥലത്തിന്റെ പേരെന്ത് – 3
8. യോശിയാവിന്റെ രായസക്കാരൻ ആര് – 3
11. ഓടിപ്പോക എന്നവസാനിക്കുന്ന പുസ്തകം – 5
12. യിസ്ഹാക്കിന്റെ ഭാര്യ – 3
13. നോഹ പെട്ടകം നിർമ്മിക്കാൻ ഉപയോഗിച്ച മരം – 3
15. സഹിഷ്ണുതയ്ക്ക് പ്രസിദ്ധിയാർജ്ജിച്ചവനാര് – 2
17. വെളിപ്പാടിൽ പറഞ്ഞിരിക്കുന്ന പ്രഥമ സഭ – 4

**താഴോട്ട്**

1. ദൈവം മോശെക്കു വായാക്കിയതാരെ – 4
2. കോതമ്പിന്റെ ഇടയിൽ ശത്രുവിതച്ചത് എന്ത് – 2
3. എഫ്രയീമിന്റെ തല ഏത് – 3
4. തിമൊഥെയോസിന്റെ വലിയമ്മ – 3
9. യോസഫിനെ ഇട്ട ഒരിടം കേരളത്തിലെ ഒരു സ്ഥലം ആണ് സ്ഥലം ഏത് –3
14. ശലോമോൻ പണിത ആലയത്തിന്റെ ചുവരിൽ കൊത്തിയിരുന്ന രൂപങ്ങളിൽ ഒന്ന് – 3

**പദപ്രശ്നം പൂരിപ്പിച്ച് 2020 ഏപ്രിൽ 30നു മുൻപായി അയച്ചുതരുക. എല്ലാ ഉത്തരവും ശരിയാക്കുന്നവർക്ക് അടിപൊളി സമ്മാനങ്ങൾ കാത്തിരിക്കുന്നു. ഒപ്പം നിങ്ങളുടെ കലാസൃഷ്ടികളും ഞങ്ങൾക്ക് അയച്ചുതരേണ്ട വിലാസം:**





**സമ്മാനം, സമ്മാനം, നന്മ,**
സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്
മൗണ്ട് സിയോൻ, മുളക്കുഴ 689 505
**E:** cgisundayschool@gmail.com
**W: www.cogsundayschool.org**


**കഴിഞ്ഞ ലക്കം വിജയികൾ:** Lidiya Lijan, Kottarakara | Sharon Kurian Samuel, Oottupara | Jerlin K.G., Pullencherial | Aron V. Shiju, Konni | Anna Susan, Konni | Ruth Sara Samuel, Ottupara | Sourabhya Sabu, Pandalam | Bezalel Mathew, Valakam | Ajin Aji, Valakam | Abiya Soji, Mukkaly | Johan P. Mathew, Anickadu | Shifa Sajan, Pullenchery

പേര് .............................................. വയസ്സ്...........

അഡ്രസ്സ് ..............................................................................

..............................................................................................

...................................... പിൻ .............................

ഫോൺ ........................................................................

# സത്യസന്ധതയുടെ ഫലം

**കെസിയ എൽദോസ്, നീണ്ടപാറ**

ഒരിടത്ത് ദയാനിധി എന്നൊരു ഗ്രാമം ഉണ്ടായിരുന്നു. അവിടുത്തെ ഏറ്റവും വലിയ ധനവാനും ദയാലുവുമായിരുന്നു രാംലാൽ. കണ്ണെത്താ ദൂരത്തോളം മാമ്പഴത്തോട്ടം അദ്ദേഹത്തിനുണ്ടായിരുന്നു ഒരു ദിവസം ഉച്ചകഴിഞ്ഞ് കുറേ കുട്ടികൾ തോട്ടത്തിൽ കയറി കൈ നിറയെ  മാമ്പഴം എടുക്കുകയും സഞ്ചിയിൽ നിറയ്ക്കുകയും ചെയ്തു എന്നാൽ ഒരു കുട്ടി ഒരു മാമ്പഴം മാത്രം എടുത്തു കൈയ്യിൽ പിടിച്ചു., ഇത് ദൂരെ നിന്ന് ഉടമസ്ഥൻ കാണുന്നുണ്ടായിരുന്നു, അദ്ദേഹം ആ കുട്ടിയുടെ അടുത്ത് വന്ന് ചോദിച്ചു ‘മറ്റുള്ള കുട്ടികൾ ഒത്തിരി മാമ്പഴങ്ങൾ എടുത്തല്ലോ... നീ മാത്രം എന്താ ഒരു മാമ്പഴം മാത്രം എടുത്തത്....’ അപ്പോൾ അവൻ പറഞ്ഞു ‘എന്റെ വീട്ടിൽ ഞാനും അമ്മയും മാത്രമെയുള്ളൂ ഞങ്ങൾക്ക് ഒരു മാമ്പഴം മതി’ രാംലാൽ ഓർത്തു: എത്ര നല്ല കുട്ടി, മറ്റുള്ളവർ കിട്ടിയത് മുഴുവൻ വാരിയെടുത്തപ്പോൾ അവൻ മാത്രം ഒരെണ്ണമെ എടുത്തുള്ളൂ, കുറേ ദിവസം കഴിഞ്ഞപ്പോൾ ആ കുട്ടിയുടെ വീട്ടിൽ ഒരു കുട്ട നിറയെ മാമ്പഴങ്ങളുമായി രാംലാൽ എത്തി മാമ്പഴം കൊടുത്തിട്ട് അദ്ദേഹം തിരികെ പോയി, സന്ധ്യയായി കുളി കഴിഞ്ഞെത്തിയ അവൻ സന്തോഷത്തോടെ ആ മാമ്പഴക്കുട്ടയിൽ നിന്നും രണ്ട് മാമ്പഴമെടുത്ത് ഒന്ന് അമ്മയ്ക്കും കൊടുത്ത് മറ്റൊന്ന് അവൻ ദൈവത്തിന് നന്ദിയും പറഞ്ഞു കൊണ്ട് കഴിച്ചു.....!

# വലിയസമ്മാനം

ഇംഗ്ലണ്ടിലെ തെംസ് നദീതീരത്ത് ജോനാഥാൻ തന്റെ മകനുമൊത്ത് ജീവിച്ചിരുന്നു. എഡ്വിൻ എന്നായിരുന്നു മകന്റെ പേര്. ദൈവഭക്തരായ അവർ കൃഷിചെയ്തും നദിയിൽ നിന്നും മീൻ പിടിച്ചു വിറ്റുമാണ് ഉപജീവനം നടത്തിയിരുന്നത്. നദി പലപ്പോഴും കരകവിഞ്ഞൊഴുകും. കൃഷി മുഴുവൻ നശിക്കുന്ന ആ കാലത്തൊക്കെ അവർ പട്ടിണിയിലാവും. ആർത്തലച്ചൊഴുകുന്ന തെംസ്നദിയിലൂടെ വളർത്തുമൃഗങ്ങളും വീട്ടുപകരണങ്ങളും മറ്റും ഒഴുകി വരികപതിവായിരുന്നു. ജോനാഥാൻ അവയൊക്കെ നീന്തിയെടുത്ത് വീടിന്റെ വരാന്തയിൽ സൂക്ഷിക്കുമായിരുന്നു. അവയെ അന്വേഷിച്ചു വരുന്ന ഉടമസ്ഥർക്ക് അത് സന്തോഷത്തോടെ മടക്കി നൽകുകയും ചെയ്തിരുന്നു.

അന്ന് നല്ല മഴയുണ്ടായിരുന്നു. ഭക്ഷണത്തിനായി ഒരു മീനിനെപ്പോലും ലഭിച്ചിരുന്നില്ല. “ദൈവം നമുക്കെന്താ പപ്പാ മീനുകളെ തരാത്തത്?” എഡ്വിൻ ചോദിച്ചു. അൽപനേരത്തെ മൗനത്തിനുശേഷം തന്റെ മകന്റെ ആ ചോദ്യത്തിന് ജോനാഥാൻ ഇങ്ങനെ മറുപടി പറഞ്ഞു. “അതിലും വലിയ ഒരു സമ്മാനം ദൈവം നമുക്കായി കരുതിയിട്ടുണ്ട് മകനേ” പിറ്റേന്ന് നദിയിലൂടെ ഒരു ആട് ഒഴുകിവരുന്നത് ജോനാഥാൻ കണ്ടു. വളരെ സാഹസപ്പെട്ട് ആ ആടിനെ നീന്തിപ്പിടിച്ച് കരയിലെത്തിച്ചിട്ട് താൻ വീടിനു മുന്നിൽ അതിനെ കെട്ടിയിട്ടു. ഈ ആടിനെ നമുക്ക് സൂപ്പ് ഉണ്ടാക്കിക്കഴിക്കാമോ പപ്പാ? എഡ്വിൻ വീണ്ടും ചോദ്യവുമായിട്ടെത്തി. ഇല്ല മകനേ അത് പാടില്ല. “ജോനാഥാൻ മറുപടി പറഞ്ഞു.” ഇത് ദൈവം നമുക്കായി എത്തിച്ചു തന്ന ആ വലിയ സമ്മാനമാണെങ്കിലോ? എഡ്വിന്റെ നിഷ്കളങ്ക മുഖത്തേക്ക് ജോനാഥാൻ നോക്കിയിരുന്നു. ഒരു നെടുവീർപ്പോടെ അയാൾ വീണ്ടും പറഞ്ഞു. ഇല്ല. ഇത് ആ സമ്മാനമല്ല മകനേ. എനിക്കുറപ്പുണ്ട്.

രണ്ടുദിവസങ്ങൾ കഴിഞ്ഞു. ഒരു വൃദ്ധമാതാവ് തന്റെ നഷ്ടപ്പെട്ട ആടിനെതേടി അവിടെ എത്തി. ആടുമായി സന്തോഷത്തോടെ മടങ്ങവേ നിറകണ്ണുകളോടെ



അവൾ പറഞ്ഞു. ഈ ആട് എന്റെ ഒരേ ഒരു സമ്പാദ്യമാണ്. ഇതിനെ വീണ്ടെടുത്ത് എനിക്ക് നല്കിയതിന് ദൈവം നിങ്ങൾക്ക് വലിയ പ്രതിഫലം തരും സഹോദരാ. എഡ്വിൻ പിതാവിന്റെ മുഖത്തേക്ക് നോക്കി, പിന്നെ തല താഴ്ത്തി നിന്നു.

